മഞ്ചാടിക്കവിതകൾ

1. **സമാന്തരം**

ദൈവത്തെ തേടുന്ന മനുഷ്യന്റെ ഇടയിലൊരു
മനുഷ്യനെ തേടുന്നു ദൈവം

2. **ശാഠ്യം**

മാനിനി നിന്റെ മേനികൊണ്ടു
മെനഞ്ഞെടുത്തവയൊക്കെയും
മോനിരുന്നു പഠിക്കയാ സമ-
വാക്യമെന്നു ശഠിക്കയാ.

3. **ദുഃഖം**

അപ്പമില്ലാത്തതാണാദ്യദുഃഖം പിന്നെ
ഒപ്പമാകാത്തതാണന്ത്യ ദുഃഖം.

4. **നിലപാട്**

നില പരുങ്ങലിലാകുമ്പോൾ
നിലപാട് പരുവത്തിലാക്കുന്നു.

5. **ചിന്ത**

ചന്തയിൽ ഇത്തിരി ചിന്തയുണ്ട് എന്റെ
ചിന്തയിൽ ഒത്തിരി ചന്തയുണ്ട്.